**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഹെഡ്ക്വാർട്ടേഴ്സ് ജീവനക്കാരുടെ അന്തർ വകുപ്പ് സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലേക്കുള്ള ജില്ലാതല പി.എസ്.സി. ലിസ്റ്റിൽ നിന്നും ജില്ലാ ഓഫീസ് ഇല്ലാത്ത വകുപ്പുകളിലേയ്ക്ക് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സേവന കാലയളവിൽ സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജില്ലാതല പി എസ് സി റാങ്ക് പട്ടികയിൽ നിന്നും ജില്ലാ ഓഫീസ് ഇല്ലാത്ത വകുപ്പിലേക്ക് ഹെഡ് ക്വാർട്ടർ ഒഴിവിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ഒഴികെയുള്ള ജീവനക്കാർക്ക് 06.02.2013 - ലെ സ.ഉ.(പി)നം.5/2013/ ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (viii) ലെ വ്യവസ്ഥകൾ പ്രകാരവും, ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യിലെ വ്യവസ്ഥകൾ പ്രകാരവും, അഞ്ചു വർഷ നിബന്ധന ബാധകമാക്കാതെ നിയമനാധികാരികളുടെ പരസ്പരമുള്ള സമ്മതത്തോടെ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിൽ ഏതെങ്കിലും തരത്തിലുള്ള മുൻഗണന നൽകുന്നുണ്ടോ; ഇവർക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിന് നിലവിൽ ഏതെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ജില്ലാതല പി എസ് സി റാങ്ക് പട്ടികയിൽ നിന്നും ജില്ലാ ഓഫീസ് ഇല്ലാത്ത വകുപ്പിലേക്ക് ഹെഡ് ക്വാർട്ടർ ഒഴിവിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ഒഴികെയുള്ള ജീവനക്കാർക്ക് 06.02.2013 - ലെ സ.ഉ.(പി)നം.5/2013/ ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (viii) ലെ വ്യവസ്ഥകൾ പ്രകാരവും, ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി) യിലെ വ്യവസ്ഥകൾ പ്രകാരവും, അഞ്ചു വർഷ നിബന്ധന ബാധകമാക്കാതെ നിയമനാധികാരികളുടെ പരസ്പരമുള്ള സമ്മതത്തോടെ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് വകുപ്പ് തലവൻമാരുടെ സമ്മതപ്രകാരം ഇതേ തസ്തികയിൽ മറ്റൊരു വകുപ്പിലേക്ക് സ്ഥലംമാറ്റം ലഭിച്ചാലും സീനിയോറിറ്റി നഷ്ടമാകുകയും ഏറ്റവും ജൂനിയറായി പ്രൊബേഷൻ ആദ്യം മുതൽ തുടങ്ങണമെന്നുള്ള പ്രശ്നം ഏതെങ്കിലും രീതിയിൽ പരിഹരിക്കാൻ സാധിക്കുമോ; | (സി) | പ്രസ്തുത ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ളവരുടെ സീനിയോറിറ്റി കെ.എസ്.&എസ്. എസ്.ആർ ചട്ടം 27 (സി) പ്രകാരം നിലനിർത്തി കൊണ്ട് പുതിയ വകുപ്പിൽ തുടരാവുന്നതാണെന്ന് 10.07.2014 ലെ സ.ഉ.(പി)നം.20/2014/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | എങ്കിൽ ആയതിന്മേൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ; | | വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ജീവനക്കാർ പുതിയ വകുപ്പിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിക്കേണ്ടതുണ്ട് എന്ന് കെ.എസ്.& എസ്.എസ്.ആർ ചട്ടം 18 (ഐ) പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്.<br><br>ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 14 പ്രകാരം സീനിയോറിറ്റിയും, ചട്ടം 17(ഡി), ചട്ടം 10 എന്നിവ പ്രകാരം പ്രൊബേഷനും സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. |
| (ഡി) | അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് ഒരു വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10:1 എന്ന അനുപാതമുള്ളപ്പോൾ തന്നെ ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ എണ്ണം 10-ൽ കുറവായ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർക്ക് സ്വന്തം ജില്ലയിലേക്ക് പോകാൻ കഴിയുന്ന തരത്തിൽ അനുപാതത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ